# യാഥാർത്ഥ്യങ്ങൾ

by

പി. എസ്സ്. പത്തനാപുരം.

# യാഥാർത്ഥ്യങ്ങൾ.

ISLAM HIGH SCHOOL
Date........
ERNAKULAM

പി. ഷാഹുൽഹമീദ്,
പത്തനാപുരം.

1936

മൂന്നാംപതിപ്പ്

25-11-55

എല്ലാ പ്രതികളിലും ഗ്രന്ഥകർത്താവിൻെറ മുദ്രയുണ്ടായിരിക്കും.

ഒന്നാംപതിപ്പ് 1952 മെയ് കോപ്പി 1000.
രണ്ടാംപതിപ്പ് 1953 ഏപ്രിൽ കോപ്പി 1000.
മൂന്നാംപതിപ്പ് 1953 സെപ്റ്റംബർ കോപ്പി 1000.

"ജ്ഞാനത്തിൽ തികവില്ല,
ഗാനത്തിൽ മികവില്ല,
ഞാനെന്റെ ചെറുവീണ-
വായിക്കാനില്ലേ, ഞായം?"

(മഹാകവി പള്ളത്ത്)

പകർപ്പവകാശം ഗ്രന്ഥകാരനിൽ.

# എന്തെല്ലാമാണ്.?


1. സ്നേഹം.
2. ആശംസ.
3. നീറുന്ന യാഥാർത്ഥ്യങ്ങൾ.
4. വെളിച്ചമെത്തുവാൻ.
5. കാത്തിരിപ്പ്.
6. പ്രതീക്ഷ.
7. ശോകഗാനം.
8. സാന്ത്വനം.
9. ഏകാന്തതയിൽ.
10. നാളെയ്ക്കുവേണ്ടി.
11. ദിവ്യതാരം.
12. മൗനസന്ദേശം.
13. പിന്മാററം.

# അവതാരിക.

ഗദ്യത്തിലും, പദ്യത്തിലുമായി നിർമ്മിക്കപ്പെട്ടിട്ടുള്ള ഏതാനും ചെറുകവനങ്ങളുടെ സമാഹാരമായ 'യാഥാർത്ഥ്യങ്ങൾ' എന്ന ഈ ചെറുഗ്രന്ഥം, ഞാൻ ഒരാവൃത്തിവായിച്ചുനോക്കി. സഹൃദയലോകത്തിൻെറ നിർല്ലോഭമായ പ്രോത്സാഹനത്തെ പ്രതീക്ഷിച്ചുകൊണ്ടു് കുറഞ്ഞൊരുകാലമായി കാവ്യകലാസേവനം അനുഷ്ഠിച്ചുപോരുന്ന 'യാഥാർത്ഥ്യങ്ങ'ളുടെ കർത്താവായ ശ്രീ: ഷാഹുൽഹമീദു്, ആ പന്ഥാവിൽ ഏറെക്കുറെ പുരോഗമിച്ചിട്ടുള്ളതായി കാണുന്നതു് തികച്ചും സന്തോഷപ്രദമാണു്. നിരന്തരമായ പരിശ്രമവും നിതാന്തമായ ഉത്സാഹവുംമൂലം കാവ്യനിർമ്മാണകലയിൽ കുശലതയാർജ്ജിച്ചുകൊണ്ടിരിക്കുന്ന വാസനാസമ്പന്നനായ ഈ യുവാവു് നിഷ്പക്ഷമതികളായ സഹൃദയന്മാരുടെ മുക്തകണ്ഠമായ അഭിനന്ദനത്തെ യഥാർത്ഥത്തിൽ അർഹിക്കുകതന്നെ ചെയ്യുന്നു. "ജന്മസിദ്ധമായ വാസനാസമ്പത്തും കർമ്മായത്തമായ നിർമ്മാണകുശലതയും മനുഷ്യമനസ്സിനെ ശോകമൂകവും ചൈതന്യഹീനവുമാക്കിത്തീർക്കുന്നതിനല്ല, പ്രത്യുത ഉൽബുദ്ധവും കർമ്മോന്മുഖവും ആക്കിത്തീർക്കുന്നതിനാണു് പ്രയോജനപ്പെടുത്തേണ്ടതു്" എന്നു് ഗ്രന്ഥകാരനെ സ്നേഹപൂർവ്വം ഓർമ്മിപ്പിച്ചുകൊള്ളട്ടെ.

ഈ ഗ്രന്ഥത്തിലെ മിക്കവാറും എല്ലാ കവിതകളിലും അനാകമ്പ്യമായ ഒരു ശോകമൂകതയും നിരാശയും നിഴലിട്ടുനിൽക്കുന്നതായി വായനക്കാർക്കു് അനുഭവപ്പെടാതിരിക്കയില്ല. എങ്കിലും ഉടനീളം ഓളംവെട്ടിനിൽക്കുന്ന ഭാവനാവൈഭവവും കാവ്യകലാകാന്തിയും ഗ്രന്ഥകാരനെകൃതകൃത്യനാക്കുവാൻ പോരുന്നവയാണു്. വിമർശനവിരുതന്മാർക്കു് പദപ്രയോഗത്തിലും രചനാരീതിയിലും

മററും ചില വൈകല്യങ്ങൾ കണ്ടെത്തുവാൻ പ്രയാസമില്ലെങ്കിലും രസവേദികളായ സഹൃദയന്മാർ അവയെ അത്രതന്നെ കാര്യമായി കരുതുമെന്ന് തോന്നുന്നില്ല.

“നിഷ്കളങ്ക‘സ്നേഹ’ത്താൽ പ്രചോദിതനായി കാവ്യലക്ഷ്മിയുടെ ‘ആശംസാ’കുസുമങ്ങളും ചൂടി ‘നീറുന്ന യാഥാർത്ഥ്യങ്ങ’ളെ അഭിമുഖീകരിച്ചുകൊണ്ടുതന്നെ സ്വയം അഭിലഷിക്കുന്ന ‘വെളിച്ചമെത്തുവാൻ’ ‘പ്രതീക്ഷാ’പൂർവ്വം ‘ഏകാന്തതയിൽ’ ‘കാത്തിരിപ്പും’ ‘ശോകഗാനവും’ ‘മൗനസന്ദേശവു’മായി കഴിയുന്ന കവിയെ ‘പിന്മാററംകൂടാതെ അന്തരാത്മാവിൽ സസ്പൃഹം ഓമനിച്ച് ഗൂഢമായി പുലർത്തുന്ന ‘ദിവ്യതാരം’ ‘നല്ലൊരു നാളെ’യ്ക്കുവേണ്ടി ‘സാന്ത്വന’മരുളുമാറാകട്ടെ” എന്ന് ഹൃദയപൂർവ്വം ആശംസിച്ചുകൊള്ളട്ടെ.

ഗ്രന്ഥത്തിനും ഗ്രന്ഥകാരനും മേൽക്കുമേൽ വിജയം നേർന്നുകൊണ്ട്—ഈ ലഘുഗ്രന്ഥത്തെ സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

കൈരളീമഠം,
22—4—1952.

എന്ന്,
വിദ്വാൻ, ററി. സി. യോഹന്നാൻ (ഒപ്പ്)

# അഭിപ്രായം.

പി. ഷാഹുൽ ഹമീദ് അവൎകൾക്ക്.

പ്രിയപ്പെട്ട കൊച്ചുസ്നേഹിതാ! അത്ര യാഥാൎത്ഥ്യമായ നിങ്ങളുടെ "യാഥാൎത്ഥ്യങ്ങൾ" ഞാൻ വായിച്ചു. ഇത്ര ചെറിയ ചെറിയ വരികളിൽ നിങ്ങൾക്ക് അത്ര വലിയ വലിയ കാൎയ്യങ്ങൾ ഒതുക്കാൻ കഴിഞ്ഞതിൽ ഞാൻ അത്ഭുതപ്പെടുന്നു.

അതിമനോഹരമായി തഴച്ചു പന്തലിച്ച് പടൎന്നുയൎന്നു നിൽക്കാൻപോകുന്ന ഒരു സുരഭിലമാമരത്തിന്റെ ആദ്യമുളകൾ ഞാൻ നിങ്ങളിൽ ഇപ്പോൾ കാണുന്നു. കണ്ണുനീർ ചൊരിയുന്ന കണ്ണുകളിൽനിന്ന് അവയെ മാററുക. എന്നിട്ട്, ആ കണ്ണുകളിൽനിന്നും ചെന്തീപ്പൊരി പാറുന്നതാക്കിത്തീൎക്കുക. അതാണ് ഇന്നത്തെ ഒരു കവിയുടെ ധൎമ്മം, എന്നുള്ളതോൎമ്മയിലിരുന്നാൽ ബാക്കിയൊക്കെ ശരിയായിക്കൊള്ളും. നിങ്ങൾക്ക് സൎവ്വവിജയങ്ങളും ആശംസിച്ചുകൊണ്ട് ..................

ഇളമണ്ണൂർ,
18—5—1952.

സ്വന്തം,
മുൻഷി പരമുപിള്ള. (ഒപ്പ്)

## ആത്മപൂജ. (ഗദ്യകവിത)

സൗഭഗം താവുന്ന പൂവേ!
സ്നേഹത്തിനായി വെമ്പുന്ന ഈ ഹൃദയം നിൻെറ സജീവമായ സൗഹൃദം കൊതിക്കുകയാണ്.

* * * * *

അതാ—കണ്ണീരിൻെറ കടലിൽനിന്ന് വിദ്വേഷത്തിൻെറ അലകൾ ഇരമ്പുകയാണ്. വേദനയുടെ തിരക്കങ്ങൾ മുഴങ്ങുകയാണ്.

എൻെറ കളിത്തോണി—യാഥാർത്ഥ്യങ്ങൾ നിറച്ച എൻെറ കളിത്തോണി—അത് ആ അലകളിൽ തകൎന്നുപോകുമോ? എനിക്കറിഞ്ഞുകൂടാ എന്തു സംഭവിക്കുമെന്ന്....!!!

എൻെറ കളിത്തോണിയുടെ നയമ്പ് ഒന്നുമാത്രമാണ്, നിൻെറ സൗഹൃദം — നിരഘമായ നിൻെറ സ്നേഹം നിർവൃതിയരുളുന്ന നിൻെറ കടാക്ഷം.

പവിത്രമായ പൂവേ! ഞാനതു പ്രതീക്ഷിക്കട്ടെയോ..?

* * * * *

കലയുടെ ശ്രീകോവിലിൽ — കൗമാരത്തിൻെറ കളിത്തോപ്പിൽ കമനീയമായി വിടൎന്നുനിൽക്കുന്ന പൂവേ!

ഈ കളിത്തോണിയിലെ 'യാഥാർത്ഥ്യങ്ങൾ' നിന്നിൽനിന്നും രൂപമെടുത്തവയാണ്. നിന്നിൽത്തന്നെ അവ സഫലീകരിക്കപ്പെടുകയുംവേണം.....നോക്കൂ! ഈ കളിത്തോണി ബലഹീനമാണെന്നു കരുതേണ്ടാ. എൻെറ ഹൃദയത്തിൻെറ ഹൃദ്യതയും എൻെറ സിരകളിലെ രക്തവുമാണ് ഇതിൻെറ നിദാനം. ഈ കളിത്തോണി തകരുകയില്ല. തകൎക്കപ്പെടുകയേയുള്ളൂ.

* * * * *

നിൻെറ നെടുവീൎപ്പ്. തപനശക്തിവീശുന്ന അതിൻെറ ജ്വാലകൾ എൻെറ കളിത്തോണിയിലെ 'യാഥാർത്ഥ്യങ്ങ'ളെ ചുട്ടെരിക്കുകയില്ലേ? എൻെറഹൃദയത്തിൻെറ ഹൃദ്യതയും, എൻെറ സിരകളിലെ രക്തവുംകൊണ്ടു് നിൎമ്മിച്ച ഈ കളിത്തോണി തകൎന്നുപോകയില്ലേ.....? ഇല്ല, ഒന്നുമാത്രമുണ്ടെങ്കിൽ!!

നിൻെറ സൗഹൃദം! നിരഘമായ നിൻെറ സ്നേഹം!!

സൗഭഗം താവുന്ന പൂവേ! ഞാനതു പ്രതീക്ഷിക്കട്ടെയോ.....?

**ഗ്രന്ഥകൎത്താവ്.**

# എനിക്കു പറയുവാനുള്ളതു്.


ഓമനിച്ചോമനിച്ചു വച്ചിരുന്ന 'ജീവിതസ്വപ്നങ്ങൾ' കണ്ണീക്കയത്തിലാണ്ടുകിടക്കുകയാണു്. അവയൊക്കെ കണ്ടെടുത്തു് വിജയശൃംഖല നിർമ്മിച്ചു് ആത്മാഭിമാനം കൈവരിക്കുവാനുള്ള എന്റെ സംരംഭം—അതിനു് വിലങ്ങടിച്ചുനിൽക്കുന്ന ലോകത്തിന്റെ മനസ്സാക്ഷി-പരിസരങ്ങളുടെ പരുപരുത്തപ്രാതികൂല്യങ്ങൾ-ഹൃദയത്തെ വേദനിപ്പിക്കുന്ന ബലഹീനത—അങ്ങനെ നിരസിക്കുവാനാവാത്ത അഭിലാഷങ്ങളുടേയും നിരാശാജനകമായ അനുഭവങ്ങളുടേയും പ്രതിഫലനമാണു് ഈ "യാഥാർത്ഥ്യങ്ങൾ."

കുററങ്ങളും കുറവുകളും ഇതിൽ കണ്ടുവെന്നുവരാം. എങ്കിലും ഉൽക്കണ്ഠകളുടെ ഉറവയായ എന്റെ ഈ എളിയ കലാസൃഷ്ടിയെ സഹൃദയർ അവഗണിക്കുകയില്ലെന്നു് എനിക്കുറച്ചവിശ്വാസമുണ്ടു്. അതൊന്നുമാത്രമാണു് എന്നെ ഈ ഉദ്യമത്തിനു് വശംവദനാക്കിയതു്.

വിലയേറാത്ത ഒരവതാരികകൊണ്ടു് എന്റെ ഗ്രന്ഥത്തെ അലങ്കരിച്ച ശ്രീ: വിദ്വാൻ ററി. സി. യോഹന്നാൻ അവർകളോടും എനിക്കു് അഭിനന്ദനാർഹമായവിധം ഒരഭിപ്രായമെഴുതിത്തന്ന പ്രസിദ്ധനാടകകൃത്തായ ശ്രീ: മുൻഷി പരമുപിള്ള അവർകളോടും ഇതിന്റെആവിർഭാവത്തിൽ എന്നെഅനുമോദിച്ച കൂട്ടുകാരോടും "ആത്മമിത്രം" പ്രസ്സു് പ്രവർത്തകരോടും ഞാൻ കൃതജ്ഞതയുള്ളവനാണു്.

പത്തനാപുരം,
12—10—1953.

പി. ഷാഹുൽഹമീദു്.



കറയററ സൗഹൃദ രാഗവായ്പിൻ
കമനീയഗീതാസമുച്ചയത്താൽ
ഒരു ശുഭകാലം പടുത്തുയർത്താൻ
പൊരുതു! സുധീരമെൻ തൂലികേ, നീ.

ഗ്രന്ഥകർത്താവ്.

"സ്നേഹം." (ഗദ്യകവിത)

ഒന്നു്.

സ്നേഹം—സ്നേഹം.

നിഷ്ക്കളങ്കമായ സ്നേഹം.

വെറും പുഞ്ചിരിയുടെ പളുങ്കുപെട്ടിയല്ല, ആത്മാത്ഥതയുടേയും, പരമാനന്ദത്തിൻേറയും ഉറവിടമാണു്, ത്യാഗത്തിൻേറയും, സഹനതയുടേയും കേളീനിലയമാണു്—"സ്നേഹം."

പാരതന്ത്ര്യത്തെ ഭേദിച്ചുകൊണ്ടു്........സമത്വത്തിൻേറയും, സുഭിക്ഷതയുടേയും പൊൻപുലരിയിൽ-സ്വഛന്ദം വിഹരിക്കുവാൻ വെമ്പൽകൊള്ളുന്ന വിശിഷ്ടവികാരമാണു്—"സ്നേഹം."

ഭീഷണിയുടേയും, അപവാദത്തിൻേറയും മുൻപിൽ മുട്ടുകുത്തുവാനല്ല—ഹൃദയാഭിലാഷങ്ങളെ കെട്ടിപ്പടുക്കുവാൻവേണ്ടി കുതികൊള്ളുന്ന സജീവചൈതന്യമാണു്—"സ്നേഹം."

മനുഷ്യഹൃദയങ്ങളെ കോത്തിണക്കി,
സമുദായനീതികളെ തൃണവൽഗണിച്ചുകൊണ്ടു്,
സമാധാനത്തിൻെറ സന്ദേശവുമായി
സധൈര്യം—മുന്നേറുന്ന,
സാന്ദ്രദീപ്തിയാണു്—"സ്നേഹം."

.... .... .... .... .... ....

ലോകമൊട്ടുക്കു തേടിത്തിരഞ്ഞാലും
ഇത്ര നിസ്വാത്ഥമായ, സ്നേഹം....

അതാർക്കുമത്ര എളുപ്പത്തിൽ കണ്ടെത്തുവാൻ
സാധിച്ചെന്നു വരികയില്ല!—എന്തുകൊണ്ടു്?
പണത്തിൻെറയോ, പ്രതാപത്തിൻെറയോ
പെരുമയിലല്ല, ഹൃദയത്തിൻെറ പുതുമയിലാണു്;
കരുണയുടെ കൊട്ടുമുടിയിലാണു്
അതു് സ്ഥിതിചെയ്യുന്നതു്.

രണ്ടു്.

അതിൻെറ മധുരിമയിൽ, ഏതുകഠിനഹൃദയവും
എത്ര മഹത്തായ ജീവിതവും
അലിഞ്ഞുചേരാറില്ലേ?
സ്നേഹത്തിനുവേണ്ടി,ത്യാഗത്തിൻെറതാഡനമേററു്
സേവനമനുഷ്ഠിച്ച—മരണത്തിൻെറ
ബലിപീഠങ്ങളിൽ ജീവിതമർപ്പിച്ച-
മഹാന്മാർ ഇന്നോളം എത്രപേർ?
അങ്ങനെ, സ്നേഹത്തിൻെറ ചരിത്രംതന്നെ
ചോരയും നീരുംകൊണ്ടു നിറംപിടിച്ചതാണു്.
അതിൻെറ ശക്തിയോ അജയ്യമാണു്.
അതിനുള്ള വില ജീവനിലുമുപരിയാണു്.
പക്ഷേ! "ലോകം" അതിനെ നിർദ്ദയം
ചവുട്ടിമെതിക്കുകയാണു്.
അതിൽ അമർഷംകൊള്ളുകയാണു്.
അതിൻെറ നേരേ വെടിയുണ്ടകളയക്കുകയാണു്.
എങ്കിലും...."സ്നേഹം"
"അതിനെ മരണംവരെ ഞാൻ ആരാധിക്കും."

## "ആശംസ."

(ഗദ്യകവിത)

ചിന്തകളുടെ സാക്ഷാത്കാരമേ!
ജീവിതത്തിന്റെ ദിവ്യപ്രദീപമേ!
അഴകിന്റെ അവതാരമേ!
അതെ! ആളിക്കത്തുന്ന ഹൃദയത്തിന്റെ
അടിത്തട്ടിൽനിന്നും,
ആശംസയുടെ നേരിയ സ്വരങ്ങൾ
ആത്മാർത്ഥതയ്ക്കായി അനുനിമിഷം കൊതിക്കുന്ന
ആത്മാവിന്റെ ദീനരോദനങ്ങൾ
ഇതാ!—വീണ്ടും നിർഗ്ഗളിക്കുകയാണ്.
ഓമനേ!
ഭാവനയുടെ അന്തരീക്ഷത്തിൽ
പ്രതീക്ഷയുടെ, പൊൻചിറകുകൾ വിരിച്ചുകൊണ്ട്
അഭിലാഷങ്ങളാകുന്ന പൂങ്കുയിലുകൾ
അങ്ങനെ, നിനക്കു സ്വാഗതമരുളി
പാറ്റത്തുടങ്ങുകയാണ്.
എന്തിനു്?
"നിന്റെ സ്നേഹകല്പത്തിന്റെ ശിഖരങ്ങളിൽ
വിശ്രമിക്കുവാൻ—
അതിലെ, പ്രേമത്തിന്റെ
പാവനമായ ഫലങ്ങളശിച്ച്, ശാന്തിയടയുവാൻ"
പക്ഷേ!— പ്രതിബന്ധങ്ങൾ പലതും മുന്നിലുണ്ട്.
നാലുഭാഗത്തും—നിയമത്തിന്റെ
ഉരുക്കുമുഷ്ടികളുയർത്തിപ്പിടിച്ചുകൊണ്ട്

വർഗ്ഗീയതയെ വിളിച്ചുണർത്തിക്കൊണ്ടു്
നിറഞ്ഞ അമർഷമോടെ
'ലോകം' അട്ടഹസിക്കുകയാണു്.
എവിടെയും അന്ധകാരത്തിന്റെ ഇരമ്പിപ്പാച്ചിൽ
ഇവയെ തരണംചെയ്യുവാൻ
വെറും ആശയുടെ നേരിയ വെളിച്ചത്തിൽക്കൂടി
ആത്മാർത്ഥതകൊണ്ടു, നിറംപിടിപ്പിച്ച
സ്നേഹത്തിന്റെ മുത്തുമാലയുമായി,
ജീവിതഭാരവുമേന്തി—സുന്ദരമായ
ആ ഭാവിയുടെ ഗാനവും പാടിക്കൊണ്ടു്
നീറുന്ന ഹൃദയത്തോടെ
നിറഞ്ഞ നയനങ്ങളോടെ
നിന്നെമാത്രം ലക്ഷ്യമാക്കി—"ഞാൻ"
മന്ദമന്ദം മുന്നോട്ടു നീങ്ങുകയാണു്.
ചിന്തകളുടെ സാക്ഷാത്കാരമേ!
ഹൃദയസ്വാതന്ത്ര്യപിണ്ഡി! വന്നാലും!

---

"നീയാണെൻ നിരഘമാം ജീവിതകാവ്യത്തിലെ,
തൂമധു തുളുമ്പിടും കവിതാസുമം സദാ
നീയാണെൻ നിശബ്ദമാം ഭാവനപ്പൂവാടിയിൽ
കാകളംരചിച്ചിടും കോകിലമാരോമലേ!"

# "നീറുന്നയാഥാർത്ഥ്യങ്ങൾ." (ഗദ്യകവിത)

ഒന്നു്.

"നീതി."

നിശ്ശിതമായ ലോകത്തിൻെറ, നിന്ദ്യവുംനികൃഷ്ടവും
നിർദ്ദയവുമായ "നീതി."
നിർദ്ധനൻെറ ജീവിതാഭിലാഷങ്ങളെ
ഞെരിച്ചു തകർക്കുകയും
അപവാദാരോപണങ്ങൾക്കു് കൂട്ടുനിന്നുകൊണ്ടു്
അഭിമാനത്തെ, പിച്ചിച്ചീന്തി ശിഥിലമാക്കുകയും
പണത്തിൻെറയും പ്രതാപത്തിൻെറയും മുൻപിൽ
പല്ലിളിക്കുകയും ചെയ്യുന്ന
പരമനീചമായ ലോകത്തിൻെറ "നീതി."
കാരുണ്യത്തിൻെറ കണികപോലും
തൊട്ടുതീണ്ടിയിട്ടില്ലാത്ത
ഹൃദയമററ ലോകത്തിൻെറ
ചപലമായ "നീതി."
കഷ്ടം!
കാപട്യത്തിൻെറ കരിങ്കൊടിയും പിടിച്ചുകൊണ്ടു്
ഈ "ലോകം."
എന്തിന്നു്, ഇങ്ങനെ മുന്നേറുന്നു?
ആർക്കുവേണ്ടി, മുന്നേറുന്നു?
.... .... .... .... .... ....

രണ്ടു്.

ഇവയൊക്കെ
എന്റെ സൃഷ്ടിപരവും—അൎത്ഥശൂന്യവുമായ
വെറും, അസത്യങ്ങളാണെന്നു്
നിങ്ങളിൽ പലരും പരിഹസിച്ചേക്കാം!-പക്ഷേ,
ആ ബീഭത്സമായ പരിഹാസങ്ങൾക്കു മുൻപിൽ
ഒരു ബുദ്ധിഹീനനെപ്പോലെ—ഞാൻ
സ്വയം തലകുനിക്കുകയോ?
ഇല്ല—ഒരിക്കലുമില്ല.
എന്റെ ഹൃദയം
അവയെ ശക്തിയായി-
പ്രതിഷേധിക്കുകതന്നെ ചെയ്യും.

മൂന്നു്.

വേദനയും, കണ്ണുനീരുമായി
നിരാശയും നെടുവീൎപ്പുമായി
കഷ്ടതയനുഭവിക്കുന്ന അവശലക്ഷങ്ങളെ
നിഷ്ഠുരമായ നിയമങ്ങളുടെ ബലിപീഠങ്ങ-
ളിലേക്കു് ഒരു വിഭാഗം—മാടിവിളിക്കുകയാണു്.
നിസ്വാൎത്ഥമായ സ്നേഹത്തെ,
നിൎമ്മലമായ ജീവിതത്തെ,
അവിടെ—ചുട്ടുനീറുകയാണു്.
"നീറുന്ന യാഥാൎത്ഥ്യങ്ങൾ"
വികാരഭരിതവും—വിഷാദകലുഷിതവുമായ
മനുഷ്യഹൃദയങ്ങളുടെ അന്തർഭാഗത്തുനിന്നും

ഉമിച്ചുയരുന്ന—അനുഭവസ്സിദ്ധമായ
"നീറുന്ന യാഥാർത്ഥ്യങ്ങ"ളാണിവ.
നിങ്ങൾ പറയൂ?
ജീവിതം സുഖിക്കുവാൻവേണ്ടിയുള്ളതോ?
അല്ല—നശിക്കുവാൻവേണ്ടിയുള്ളതോ?
ഒരു പക്ഷേ, ലോകമറിയുന്നില്ലായിരിക്കാം
ജീവിതം—ഏവർക്കും
സുഖിക്കുവാൻ വേണ്ടിയുള്ളതാണെന്നു്
സ്വാതന്ത്ര്യവും—സന്തോഷവും
കൈവരിക്കുവാൻ വേണ്ടിയുള്ളതാണെന്നു്
അങ്ങനെയെങ്കിൽ—ഈ "ലോകം"
നിയമത്തിൻെറ കരാളമായ കരങ്ങൾകൊണ്ടു്
എൻെറ ജീവിതത്തെയും ഞെരിച്ചെറിഞ്ഞേക്കാം.
എങ്കിലും!—സത്യമില്ലാത്ത,
ശാശ്വതമല്ലാത്ത—നീതികളെ
ഞാൻ വകവയ്ക്കുകയില്ല.
എൻെറ സകല ശക്തികളുമുപയോഗിച്ചു്
അവയെ—ഞാൻ
മരണംവരെ എതിർക്കും
"ഇവയൊക്കെ അപരാധമാണോ?"
"അല്ല"
എനിക്കുവേണ്ടി—ലോകത്തിൻെറ മുൻപിൽ
അങ്ങിനെ—ഒരു സ്വരമുയരുമെങ്കിൽ
ആവൂ! ഞാൻ ചാരിതാർത്ഥ്യനാണു്.

## “വെളിച്ചമെത്തുവാൻ.” (കാകളി)

ജീവിതാകാശം പ്രശോഭിതമാകുവാൻ
നീ വന്നണയുകെൻ നവ്യപ്രകാശമേ!”

നാലുഭാഗത്തുമിരുട്ടിൻെറ ദുർഭൂത-
ജാലങ്ങളാഹന്ത ചുററിക്കറങ്ങവേ,

ഉച്ചനീചത്വമാം വർഗ്ഗീയഹസ്തങ്ങ-
ളൊക്കെവന്നെന്നെ ഞെരിക്കാനൊരുങ്ങവേ,

നിഷ്ഠുരനീതികൾ പാരമെൻചുററിലു-
മൊത്തുനിന്നട്ടഹസിച്ചു മദിക്കവേ,

ചക്രവാളം മുഴങ്ങുന്നപോലെൻ മുന്നിൽ
വിത്തപ്പിശാചുക്കൾനിന്നു ഗർജ്ജിക്കവേ,

പേടികൂടാതെൻ മനപ്പൂങ്കുയിൽ സ്വയം,
പാടുന്നു, ഞാനെതിർത്തിട്ടുമാപല്ലവി

“ജീവിതാകാശം പ്രശോഭിതമാകുവാൻ-
നീ വന്നണയുകെൻ നവ്യപ്രകാശമേ!”

കഷ്ടമിന്നോളംവരെയ്ക്കുമെന്നാത്മാവിൽ,
മൊട്ടിട്ടതില്ലീവിധമൊരുസൗഹൃദം

ഇത്രയ്ക്കുനംഘമായുള്ളോരനുരാഗ-
ശുദ്ധിയും, സൽപ്രേമവായ്പും, വിനയവും

നശ്വരമാണെന്നിരിക്കിലും മുമ്പെങ്ങും-
ദർശിച്ചതില്ലീവിധമൊരഴകുഞാൻ.

സുസ്മിതം തൂകിയെൻ കൺമുന്നിലിപ്പൊഴും
നിൽക്കയാണാദിവാസസ്വപ്നമതുലമായ്
ഗദ്ഗദംപേറിക്കൊണ്ടാത്തമോദംവീണ്ടു-
മുദ്ഗമിച്ചീടുന്നിതാഗാനനിർഝരം.

"ജീവിതാകാശം പ്രശോഭിതമാകുവാൻ
നീ വന്നണയുകെൻ നവ്യപ്രകാശമേ!"

"നീയറിയുന്നതില്ലെന്നന്തരാത്മാവിൽ
നീറിപ്പുകയുന്ന രാഗവിശുദ്ധികൾ
ഓമനേ! ഞാനനുവേലവും താവക-
നാമം ജപിക്കുകയാണുഭക്ത്യാദരം
ജീവിതസിദ്ധിതൻപാവനാശംസകൾ
താവുന്നതാണു നിൻപുഞ്ചിരിപ്പൂവുകൾ
ഞാനെന്റെ സർവ്വവും, നിൻമുൻപിലർപ്പിച്ചു
യാചിക്കയാണതിൻ മാധുരിപുൽകുവാൻ.
നഷ്ടപ്പെടാതെയൊരാത്മാവു മേൽക്കുമേൽ
വർത്തിച്ചിടും നീ കരുണ പൊഴിക്കുകിൽ.
ഉത്തമേ! നിന്നനുരാഗത്തിനപ്പുറം
മററില്ലെനിക്കൊരുകീർത്തിയാർജ്ജിക്കുവാൻ
നിന്നെ, ത്യജിക്കാനസാദ്ധ്യമാണത്രമേ-
ലെന്നന്തരംഗം കവർന്നു കഴിഞ്ഞു നീ."
ആ രാഗവീചികൾ വീണ്ടുമവ്യക്തമായ്,
താനേ മുഴങ്ങിത്തുളുമ്പുന്നു, മാധുരി.

"ജീവിതാകാശം പ്രശോഭിതമാകുവാൻ
നീ വന്നണയുകെൻ നവ്യപ്രകാശമേ."

മർത്ത്യൻെറ മാനസശുദ്ധികളീവിധ-
മെത്രനീകത്തിച്ചെരിച്ചു ഹാ! ലോകമേ!
നിസ്തുലസൗഹാർദ്ദബന്ധങ്ങളിന്നോള-
മെത്ര നീ പൊട്ടിച്ചു ദുർന്നിയമങ്ങളാൽ?
കെട്ടിപ്പടുക്കുന്നതെന്തിനായ്, നീ വീണ്ടും
മർദ്ദനത്തിൻെറ കരിങ്കൽത്തുറുങ്കുകൾ?
നിർദ്ധനക്കായി നീ നൽകുന്ന ദാനങ്ങ-
ളത്തല്ലും കണ്ണീരുമല്ലേ! നിരന്തരം?
.... .... .... .... ....
"സത്യമൊരിക്കലുയന്നിട്ടും നിന്നുടെ
ശക്തികളൊക്കെ തരിപ്പണമാക്കുവാൻ"
അന്നു സമത്വപീഠങ്ങളിൽ മിന്നുമീ-
യൊന്നിനും കൊള്ളാത്ത മാനവകീടങ്ങൾ
തെററിദ്ധരിക്കരുതെന്നെ നീ "ലോകമേ!"
തെററുരച്ചീടുകയല്ല,ഞാൻ തെല്ലുമേ.
ആശയെ, പിന്നെയുമോമനിച്ചോമനി-
ച്ചാശ്വാസമേകുന്നിതാഗീത കൌതുകം
"ജീവിതാകാശം പ്രശോഭിതമാകുവാൻ
നീ വന്നണയുകെൻ നവ്യപ്രകാശമേ!"

* * * * * *

നാണയം സൃഷ്ടിച്ച നീതിയും ധർമ്മവും
ഞാനാദരിക്കുവാനാളല്ലൊരിക്കലും.

## "കാത്തിരിപ്പ്."

(മഞ്ജരി)

"അന്നം പതിവുപോലെത്തിയെൻ തങ്കത്തിൻ
നന്മുഖ ദർശനമേല്ക്കുവാൻ ഞാൻ."

ബാലാർക്കരശ്മികളോരോരോസുമത്തെയും
പൂരിതാമോദമോട്ടമ്മവയ്ക്കെ
ഗാനമധുരിമ മീട്ടി പറവകൾ
പാരിനാനന്ദവർഷം പൊഴിക്കെ
ഭാവന തന്നുടെ പൂവനം തേടിയെൻ
മാനസഭൃംഗം പറന്നെത്തവേ
വെമ്പലാന്നേററം തുടിക്കുമെന്നാത്മാവി-
നിമ്പം വരുത്താനാകാംക്ഷയോടെ
ആ നടപ്പാതയിൽ ക്രീഡിഗമിക്കുമാ-
ദേവിയെ,യൊന്നു കണ്ടുമടങ്ങാൻ
നില്ക്കുകയായി, ഞാനെന്നുടെ ജീവിത-
സ്വപ്നമൊന്നങ്ങനെ മുന്നേറുവാൻ.

* * * * * *

കയ്യിൽ നിവർത്തു പിടിച്ചോരു ഗ്രന്ഥത്തിൽ
കണ്ണുകൾ താഴ്ത്തി ഞാനാത്തമോദം
വർണ്ണിച്ചു പാടുകയാണാമനോജ്ഞയെ
വിണ്ണിലെയപ്സരസ്സായി വാഴ്ത്തി
പൊട്ടിച്ചിരികളകലെനിന്നും പര-
മെത്തിയെൻ കർണ്ണപുടങ്ങളിലായ്

.... .... .... ....

.... .... .... ....

ലോകാപവാദത്താൽ നീറിപ്പുകയുമെൻ
ലോലമാം ഹൃത്തിനാശ്വാസമേകാൻ
ജീവിതം ശോഭനമാക്കുവാൻ വേണ്ടിയെൻ
ജീവൻെറ സത്തിനെ വീണ്ടെടുക്കാൻ
"അന്നും പതിവുപോലെത്തിയെൻതങ്കത്തിൻ
നന്മുഖദർശനമേല്ക്കുവാൻ ഞാൻ."

.... .... .... .... ....

നട്ടുച്ചനേരംവരെയ്ക്കുമവിടെഞാ-
നൊററയ്ക്കെൻ തങ്കത്തെ കാത്തുനിന്നു
തീരാനിരാശയാൽ സീമാധികമെൻെറ
മാനസം നീറി പുകഞ്ഞിരുന്നു
ശോകത്താലെൻ ശിരോമേഖലയിൽനിന്നു-
മായിരം മിന്നൽപിണരുയന്നു.
പൂമൊട്ടുകൾപോലെ പാരമെൻമേനിയിൽ
പൂരിച്ചിരുന്നു വേർപ്പിൻ കണങ്ങൾ
തിങ്ങിനിറഞ്ഞ തപ്താശ്രുവാലെന്നുടെ
കണ്ണുകൾ രണ്ടുമടഞ്ഞിരുന്നു.
കഷ്ടമെന്നെന്നെ പരിഹസിച്ചോരോരോ
പക്ഷികൾ വിണ്ണിൽ പറന്നുപോയി!
കണ്ടില്ല ഞങ്ങളെന്നെന്നോട്ടുപൂക്കൾതൻ
ചെണ്ടുകൾപോലും, തലകുലുക്കി!
കാത്തുനിന്നില്ല ഞാൻ പിന്നീടവിടൊരു
കാൽക്ഷണംപോലും നിരാശയാലെ.

## "പ്രതീക്ഷ."

(മാവേലി)

ഉൽക്കട നൈരാശ്യമാണ്ടദീനം
ഹൃത്തടമാലപിക്കുന്ന ഗാനം
നിസ്തുലേ! നീയേററുപാടുമെങ്കിൽ
ഹൃദ്യമധുരിമ തൂവിയേക്കാം.
അംബരവീഥിയിലംബിളിവ-
ന്നന്ധകാരത്തെയകററിടും പോൽ
മന്ദസ്മിതം തൂകിയോമലേയെൻ
സന്താപമൊക്കെയകററുമോ നീ?
നിത്യവും നിൻനവചിന്തകളെൻ
ചിത്തത്തിൽ മന്ദമലയടിപ്പൂ.
നിദ്രയിൽ രോമഹർഷത്തിലെന്നെ
മുക്കിടാറുണ്ടുനിൻ പൊൻകിനാക്കൾ

.... .... .... ....

നിത്യനിരാശയാർന്നെൻ മധുര-
സ്വപ്നങ്ങൾ നീറിപ്പുകഞ്ഞിടുമ്പോൾ
നിർദ്ദയം നീയെന്തിനെന്നെനോക്കി
ചക്രവാളത്തിലൊളിച്ചിരിപ്പൂ!
എത്രനാളീവിധം നിന്നെയോർത്തീ-
ദുഃസ്ഥിതികൈവരിച്ചീടണം ഞാൻ
മുക്തിതൻ സന്ദേശവും വഹിച്ചെ-
ന്നെത്തുമൈശ്വര്യവിലാസമേ! നീ.
സത്യപ്രകാശമേ! നീയണഞ്ഞെൻ
മുഗ്ദ്ധാഭിലാഷങ്ങൾ പുൽകുമെങ്കിൽ

അപ്പൊഴീലോകം നമുക്കുനൽ, സം-
തൃപ്തിതൻ തൂമലർ വൃഷ്ടിതൂകും.

*  *  *  *  *

അല്ലെങ്കിലീലോകമെന്നെയേവ-
മല്ലലിൻ തീയിലെരിച്ചിടട്ടെ.
തെല്ലുമലിവിയലാതെ ഘോരം
നിർല്ലജ്ജനെന്നു വിധിച്ചിടട്ടെ.
ചട്ടങ്ങളാരചിച്ചു ഞെരിച്ചെൻ
ഹൃദ്രക്തമൂററിക്കുടിച്ചിടട്ടെ.
മിത്ഥ്യാപവാദം മുഴക്കിയെൻെറ
ചുററും നിന്നട്ടഹസിച്ചിടട്ടെ.
"എന്തും സഹിക്കാം ഞാ"—നാനിരഘ
സങ്കല്പമിമ്മട്ടു നില്ക്കുമെന്നും.
എല്ലാമെനിക്കൊന്നതോർത്തിടുമ്പോഠം
പുല്ലാണു പുല്ലാണതിൻെറ മുൻപിൽ!
മന്നിൽ മരിക്കാതിരിക്കുവോള-
മെന്നുമതെന്നിൽ തിരയടിക്കും.
അത്യുച്ചതിൻെറ വിശുദ്ധികളി-
ലൊട്ടിപ്പിടിച്ചുപോയെൻെറ ജീവൻ.

*  *  *  *  *

എന്നെന്നെയൊന്നാ മധുവസന്തം
വന്നണഞ്ഞീടുമാനന്ദപൂർവ്വം
എന്നെൻെറ ജീവിതപ്പൂവനിയെ
വന്നുപുൽകീടുമാ സുപ്രഭാതം.

---

"ശോകഗാനം."

(കാകളി)

ലോകത്തിനാവശ്യമില്ലേ! നിരന്തരം
ശോകത്തിലാളുന്ന സാധുവൃന്ദങ്ങളെ
ത്യാഗത്തെയൊക്കെ, തൃണംപോൽ ഗണിച്ചിട്ടു
സ്നേഹത്തെയെത്താൻ കൊതിക്കുമാത്മാക്കളെ
ഭാവനാവാടിയിൽ മൊട്ടിട്ടും പൂക്കളിൽ
തേനുണ്ണുവാനെത്തിടും ശലഭങ്ങളെ
ജീവിതാവശ്യങ്ങൾ തേടിയുഴലുന്ന
ദീന നിരാശരാമാലംബഹീനരെ
കണ്ണീരുമുൽക്കടചിന്തയുമായഹോ!
മണ്ണടിഞ്ഞീടും യുവഹൃദയങ്ങളെ
നിർദ്ദയനീതികളോടെതിർത്തു പരം
മർദ്ദനമേല്ക്കുന്ന ധീരയോദ്ധാക്കളെ!
മർത്ത്യരെല്ലോരെയുമൊന്നായിണക്കിട്ട-
മൈക്യസമ്പന്നരാമാദർശസക്തരെ!
കാലത്തുതൊട്ടന്തിയോളം വിയർപ്പിന്റെ
തൂമുത്തു നാടിന്നുചിന്തും കൃഷകരെ!
പട്ടിണിദേവത നൃത്തം ചവിട്ടുന്ന
ചെററക്കുടിലിലെ,യസ്ഥിമാടങ്ങളെ
കണ്ടറിഞ്ഞീടാൻ കഴിവിയന്നീടാത്ത-
യന്ധർതൊട്ടുള്ളയവശഗണങ്ങളെ

കണ്ണിന്നുമുന്നിൽ നിരക്കുന്നസത്യങ്ങ-
ളൊന്നൊന്നായ് വർണ്ണിച്ചെഴുതും കവീന്ദ്രരെ.

* * * * * *

ഈ നിശിതങ്ങളാം നീതികൾ ഞങ്ങളിൽ
നീയിനിയെത്രനാൾ വച്ചുപുലർത്തുവാൻ
കാരുണ്യമെന്നിയേ നീ വിഹരിച്ചുകൊൾ,
"ലോകമേ" നിൻെറ,യധമ്മവേദികയിൽ!
"പാവങ്ങൾ ഞങ്ങളൊരിക്ക,ലിവയ്യൊക്കെ
ചോദിച്ചുകൊള്ളാ"—മിപ്പോഴടങ്ങുന്നുഞാൻ.

---

"സാന്ത്വനം." (ഇരുകയ്യുംനീട്ടി)

"ഒരുവെറും സ്വപ്നമോർത്തുനീ വൃഥാ
കരയുന്നോ ദിനം സോദരാ!"
ഹൃദയം നൊന്തുഞാൻ കേഴുമ്പോളെന്നെ
സദയമാശ്വസിപ്പിക്കുവാൻ.
പറയുമേവമെൻ സ്നേഹവേഴ്ചകൾ
പരമമായ് കാംക്ഷിച്ചീടുവോർ,
കരളലിഞ്ഞുപോമാസഹജർക്കെൻ
കദനംകാണുമ്പോഴത്രമേൽ.
അവരശക്തരാണെന്നെനിർദ്ദയ-
മവഗണിക്കുവാൻ തെല്ലുമേ!

അന്നതപിക്കയാണാസുഹൃത്തുക്ക-
ളഖിലരുമെൻ നിരാശയിൽ
അതിലുപരിയായൊന്നുമില്ലെനി-
ക്കരുളുവാനവർ ദാനമായ്.
അവിരള,മാമുഖങ്ങളിൽ മൊട്ടി-
ട്ടുയരും വേർപ്പിൻ കണികകൾ.

* * * * *

അകലെനിന്നനുരാഗസുസ്മിതം
പകരുമാദിത്യൻ മൂകമായ്
മുകിലുകളതുകണ്ടുമൂടുമാ-
മുഖപടം ഹാ! പൊട്ടുന്നനെ.
കളകളാരവമാലപിച്ചിട്ടും
കിളികളുമഹാ! പുച്ഛമായ്
കനിവിയന്നെനിക്കാദരം വീണ്ടു-
മരുളിടുമവർ നിർവൃതി.

"ഒരു വെറുംസ്വപ്നമോർത്തുനീ വൃഥാ
കരയുന്നോ ദീനം സോദരാ!"

* * * * *

ഒരുദിനമണഞ്ഞെത്തുമെൻ ചാരത്തി-
ലറിവുനൽകാതെ മാരണദേവത
സഹജരേ നിങ്ങൾക്കന്നുകണ്ടീടാമെൻ
ശവകുടീരത്തിൽ ശാന്തിയെന്നേക്കുമായ്.

---

## "ഏകാന്തതയിൽ."

(ഓമനക്കുട്ടൻ.)

"വരു മനോരമേ! മാമകാനന്ദ
നിരഘസൗഭാഗ്യമേ, നീ!"

പകലൊടുങ്ങി പരമശാന്തിയെ
ഭുവനം കൈവരിക്കുമ്പോൾ
പരമെവിടെയും മൂകതയുടെ
നിഴലുവ്യാപരിക്കുമ്പോൾ
പുരുമുദാ താരകാകുമാരിക-
ളിരവിനെ നയിക്കുമ്പോൾ
ഇരുളിനെ,പിളന്നംബരാന്തരേ
മതിബിംബമുയരുമ്പോൾ
ചലനമെന്നിയേ മന്ദമാരുതൻ
തരുലതയെ പുൽകുമ്പോൾ
.... .... .... ....
അതിനിശബ്ദമാ,മാമുഹൂൎത്തത്തിൽ
ചിറകടിക്കുമെന്നാശ
നിറയും ഞാനറിയാതെയപ്പൊഴെൻ
നയനം രണ്ടിലും ബാഷ്പം!
പരിഭവത്തിന്റെ രോദനങ്ങളെൻ
കരളിൽനിന്നുയൎന്നീടും.
കദനശാന്തിവരിക്കുവാനിദം
ഹൃദയവീണ ഞാൻ മീട്ടും.

"വരു മനോരമേ! മാമകാനന്ദ-
നിരഘസൗഭാഗ്യമേ! നീ."

## "നാളെയ്ക്കുവേണ്ടി." (ചിന്തയിൽനിന്നു)

"പുതിയൊരു നാളെയെയാരചി-ച്ചീടാൻ
പൊരുതിടും ഞങ്ങൾ സുധീരമായ്."

കരയുന്ന കണ്ണുകൾക്കൊക്കെയും-നീണാൾ
കളിരുമാനന്ദവുമേകുവാൻ
വരുതിയിൽ വാടിത്തളർന്നിടും-ഓരോ
വയറിന്നും ക്ഷുത്തടക്കീടുവാൻ
കരിനിയമങ്ങളഖിലവും-നീങ്ങി
പരിശുദ്ധസത്യം മുഴങ്ങുവാൻ.
സമതയും ശാന്തിയും കൈകോർ-ത്തെന്നു-
മുലകത്തിൽ നൃത്തം ചവിട്ടുവാൻ

"പുതിയൊരു നാളെയെ പൂവണി-യിക്കാൻ
പൊരുതിടും ഞങ്ങൾ സുധീരമായ്"

ഇരുളൊക്കെ നീങ്ങിയന്നീമണ്ണിൽ-നീളെ
തിരതല്ലും സൗഹൃദരശ്മിയിൽ
പതിതരെപ്പട്ടുടുപ്പിക്കുവാൻ-വേണ്ടി
പുലരുമാ ചൈതന്യശുദ്ധിയിൽ
ജനകീയശക്തിതൻവീറെഴും-വർണ്ണ-
ക്കൊടികളുമേന്തിയാമോദരായ്
ഹൃദയങ്ങൾ കോർത്തിണക്കീടുവാൻ-ഞങ്ങ-
ളൊരുമിക്കുമോമൽക്കിനാക്കളാൽ.

## "ദിവ്യതാരം."

(ഓമനക്കുട്ടൻ)

ആരറിയുമിന്നാരറിയുമെ-
ന്നാടലിൻെറ പരിധിയെ
ആരറിയുമെൻ, പിഞ്ചുമാനസ-
മാരചിക്കും കിനാക്കളെ!

കാലസൂര്യകിരണജാലമെൻ
ജീവിതത്തെ നയിക്കവെ
ബാലസന്ധികടന്നു, യൗവ്വന-
ത്താരയിൽ ഞാൻ ചരിക്കയായ്.
കണ്ടു,ഞാനെൻെറ ചുററിലും പല
സുന്ദരകാമ്യസൂനങ്ങൾ
ആയതൊന്നിലുമെൻ മനഭൃംഗം
പോയതില്ല, തേനുണ്ണുവാൻ.

* * * * *

വേഗമെങ്ങുനിന്നോ പതിച്ചൊരു
ത്തുമരശ്മിയെൻമേനിയിൽ!
ഞാനതെന്തെ,ന്നാരാഞ്ഞു വിസ്മയം
നാലുപാടും കണ്ണോടിക്കെ
ദൂരെവിണ്ണിലായ് സുസ്മിതംതൂവും
താരമൊന്നിനെക്കണ്ടഹോ!
അല്പനേരം മിഴിച്ചുനിന്നുപോയ്
നിഷ്ഫലമതും നോക്കിഞാൻ.

ചന്ദ്രമസ്സുപിഴിഞ്ഞെടുത്തപോൽ
ചന്തമേറുമതിനുടെ
ചെന്തുടിപ്പു,മാനന്ദപീയൂഷം
ചിന്തിടും കിരണങ്ങളും
സുന്ദരസുകുമാരലോലമാം-
മന്ദഹാസവിലാസവും
കണ്ടുഞാ,നെൻകരളുടൻ വെമ്പൽ
കൊണ്ടതെത്തിപ്പിടിക്കുവാൻ
കഷ്ടമപ്പൊഴെന്നന്തരാത്മാവു
ഞെട്ടിയൊന്നു പൊട്ടുന്നനെ!
ഞാനറിയാതുതിർത്തിതു ബാഷ്പ-
സൂനജാലമെന്നക്ഷികൾ!

അന്നുതൊട്ടാസുരമ്യചിന്തയി-
ലെൻമൃദുമനം മഗ്നമായ്
ആ മഹത്താരകത്തെ സസ്പൃഹം-
മോമനിച്ചുഞാൻശ്രദ്ധമായ്

അഭ്യുദയാഭതൂവുമാനവ്യ-
സുപ്രഭാതത്തെ പുൽകുവാൻ
ആ വിമലാഭിലാഷസിദ്ധിയിൽ
ജീവിതമാനയിച്ചിടാൻ
ഭാവനപ്പൊൻതളികയിലൂറും
തൂവമൃതാസ്വദിക്കുവാൻ
ആശിച്ചോരെൻ കരളിനക്ഷമ
വീശിയാശ്വാസമേകി ഞാൻ

വെണ്ണുരുകി ഞാൻ നിന്നിമിഷമാ-
സുന്ദരോജ്ജ്വലചിന്തയാൽ
എന്മനമതിൽ നിന്നൊരല്പവും
പിൻതിരിഞ്ഞുകണ്ടില്ല ഞാൻ
ആയതിന്നെനിക്കേകിമാററുക-
ളായിരം പൊൻകിനാവുകൾ
മാമകാത്മാവലിഞ്ഞു ചേന്നിതാ-
മോഹനസ്വപ്നസീമയിൽ
അക്ഷമനാക്കി,യെന്നെയാനനം
കൊച്ചുതാരകമത്രമേൽ.

മന്മധുരപ്രതീക്ഷതൻ ലോല-
പ്പൊന്നിഴയിൽ പിടിച്ചു ഞാൻ
മന്ദമന്ദമിഴഞ്ഞു സാനന്ദ-
മൊന്നതിനടുത്തെത്തുവാൻ
ഒന്നുരണ്ടുതവണയെൻകരം
തെന്നിഞാൻ പതിച്ചൂഴിയിൽ
എന്നിട്ടും വിരമിച്ചതില്ലതിൽ
നിന്നു ലേശവുമെന്മനം
എത്തിയെത്തിപ്പിടിച്ചുപിന്നെയു-
മത്തലെന്നിയേ ഞാനതിൽ.

എന്തൊരാവേശമാണെനിക്കതി-
ന്നന്തികത്തൊന്നണയുവാൻ
എൻകരങ്ങൾക്കു കുളിർപൊഴിക്കുമാ-
പൊൻപ്രഭയിൽ ലയിക്കുവാൻ

പ്രാണനേക്കാളും വിശ്വസിച്ചുഞാ-
നാമധുരസ്മിതങ്ങളെ.

*　*　*　*　*

സത്യമെന്നുഞാനാമഹത്ത്താര-
കത്തെ സസ്പൃഹം വാഴ്ത്തവേ
മാമകാത്മാവകാല വൈഭവ-
ലീലയിങ്കൽ ലയിക്കവേ
ദീനമായ്‌വിധിച്ചുളയിൽപെട്ടു
ഞാനനന്തവേലം നീറവേ
അന്ധകാരം വന്നെൻെറ ജീവിത-
മണ്ഡലത്തെ മറയ്ക്കവേ
ലോകമാരചിക്കുന്ന നീതിക-
ളാകെയെന്നെ ഞെരിക്കവേ
പൊട്ടിപ്പോയെൻെറയാ നിരഘമാം
കൊച്ചുനൂലിഴ പിന്നെയും!
അപ്പൊഴേ വീണടിഞ്ഞുപോയ്ഞാനീ-
തപ്തബാഷ്പ ജലധിയിൽ!

"കഷ്ടം,മീവിധം മർത്ത്യനാശക-
ളററ മണ്ണടിഞ്ഞീടിലും
ചിത്തതാരുദ്രവിച്ച ചാമ്പലാ-
യത്തലിൽ ലയിച്ചീടിലും
നിഷ്ഠുരമാകു,മീയുലകത്തി-
നൊട്ടുമേ കനിവൂറിടാ."

നീ ലസിക്ക നിരംഘമായൊരാ-
നീലവാനിൽ നിരുപമേ!
നീ ലസിക്ക മദീയമാനസ-
രാഗമാസ്വദിച്ചെന്നുമേ!
നീ ജയിക്ക വിദൂരഭാഗ്യമേ!
നീ ജയിക്ക മനോരമേ!
കണ്ണുനീരിലടിഞ്ഞുമോമനേ!
നിന്നെയോർത്തു മിടിപ്പു ഞാൻ.

നിൻപദത്തിനു കാഴ്ചവയ്ക്കുവാ-
നെൻനയനങ്ങളാർദ്രമായ്
നിന്നിമിഷമുതിർത്തിടും ചുടു-
കണ്ണുനീർപവിഴങ്ങളെ
മാനസക്കാമ്പിലങ്കുരിച്ചിടും
മാമകാശാസുമങ്ങളെ
മാലകോർത്തു മനോജ്ഞമാം നിൻെറ
മാറിൽചാർത്താൻ കൊതിപ്പു ഞാൻ.

ആ മനോരമ്യവാസരമെന്നെ
സ്വാഗതംചെയ്തെത്തിരിടിൽ
ആ വസന്തത്തോടൊത്തു നീയുമെൻ
ജീവിതാദ്ധ്വാവിലെത്തുകിൽ
നിർവൃതിയിൽ ലയിച്ചു ഞാനന്നു
ഭവ്യമാളുമതിമിതം.

"മൌനസന്ദേശം."　　(ചിന്തയിൽനിന്നു)

മാനത്തുനിന്നെന്നെയെന്തിനായ്—വീണ്ടും
മാടിവിളിപ്പൂ നീ താരമേ!
താഴത്തുതന്നെ ഞാനിപ്പൊഴും—കഷ്ടം
മേലെത്തുവാൻ കഴിവില്ല,മേ!
പ്രേമിച്ചുന്നാദ്യമായ് നിന്നെഞാൻ—എന്റെ
പ്രാണനെക്കാളുമുപരിയായ്.
ആശിച്ചതിരെന്ന്യേയന്നു ഞാ—നെന്റെ
ആശകൾ പൊന്നണിയിക്കുവാൻ.
ജീവിതവാടിയിൽ നീയുമൊ—ത്തെന്നും
ഭാവുകവീണ വായിക്കുവാൻ.
പൂവുകൾതോറും പറന്നുചെ—ന്നെത്തും
പൂവൽഭൃംഗങ്ങളായ് മാറുവാൻ.
ജാതീയദുർഗ്ഗാരണകൾതൻ—നേരെ
വീറോടെതിർത്തു പൊരുതുവാൻ.
ശാശ്വതസ്നേഹത്തെ മാനിക്കും—ലോക-
ക്കാശ്രിതവത്സലനാകുവാൻ.

*　*　*　*　*

മാരിവിൽവെല്ലും നിൻകാന്തിയെ—പോലെ
മാനസത്തേയും ഗണിച്ചുഞാൻ.
ആ നാളിൽ നിന്നെക്കുറിച്ചഹോ—രചി-
ച്ചായിരം മംഗളഗീതകൾ.
ശോകവും തോഷവും താവുമാ—പ്രേമ
രാഗങ്ങൾ വർണ്ണിച്ചു പാടിഞാൻ

ഏകാന്തതകളിലെപ്പൊഴും—മീട്ടി
മൂകമെൻ മാനസതന്ത്രികൾ.
ആലോലസുസ്മിതപ്പൂക്കളാൽ—പാരി-
തോഷികമന്നവയ്ക്കേകി നീ!
വായുവിൽപോലും ദർശിച്ചു ഞാ—നതിൻ
വാഴ്വും വിലാസവും വ്യക്തമായ്.

★ ★ ★ ★ ★ ★

താവകകോമളമേനിയിൽ—വന്നു
പൂവിട്ടയൗവ്വനം പുല്കുവാൻ.
നാണയച്ചാക്കും ചിരിയുമായ്—നിൻെറ
നേരേയണഞ്ഞപരനൊരാൾ.
കൂപ്പുകൈയേകിയോരൊക്കെയും—എന്നെ
നോക്കിപ്പരിഹാസവർഷമായ്.
കൃത്തമതനിയമങ്ങളെൻ—കഥ
തീർക്കുമെ,ന്നട്ടഹസിക്കയായ്.
ലോകത്തിലേതിനേക്കാളുമെൻ—മനം
ലാളിച്ചുപൂജിച്ചനീയുമോ?
കാരുണ്യമെന്യേ ഹനിച്ചു മൽ—മഹൽ
കാമ്യമാം ജീവൽപ്രതീക്ഷകൾ.

★ ★ ★ ★ ★

മാനത്തുനിന്നെന്നെയെന്തിനായ്—വീണ്ടും
മാടിവിളിപ്പൂ നീ താരമേ!
താഴത്തുതന്നെ ഞാനിപ്പൊഴും—കഷ്ടം
മേലെത്തുവാൻ കഴിവില്ല,മേ.

“പിന്മാററം.” (മലയപ്പുലയനാ)

പുലരിയെ ചുംബിച്ചു പൊന്നലുക്കിട്ടുകൊ-
ണ്ടരുണൻ കിഴക്കുനിന്നാഗമിക്കെ
പറവകൾ പാരിന്നു കൗതുകമേററുമാ-
റനുരാഗഗാനങ്ങളാലപിക്കെ
മണവും പുതുമയും പേറിക്കൊണ്ടാരാമ-
മലരുകൾ മെല്ലെ വിടർന്നുനിൽക്കെ
മധുവുണ്ണാനവിടെല്ലാമളിവൃന്ദം പാറമായ്
മണിവീണമീട്ടിക്കൊണ്ടുല്ലസിക്കെ
മലയസമീരണൻ ശീതളം പെയ്തെങ്ങും
മഹിതസല്ലോലനായ് സഞ്ചരിക്കെ
ഭുവിപോലുമാനന്ദദേവിതൻ നർത്തന-
പ്രകടനംകണ്ടു ലയിച്ചിരിക്കെ
ധനികന്മാരതിനൊത്തു താളംപിടിച്ചുകൊ-
ണ്ടരമനതോറും രസിച്ചിരിക്കെ
അകലെയെങ്ങോനിന്നലച്ചലച്ചെന്നിലേ-
യ്ക്കണയുന്നതെന്തിനായ് ശോകമേ നീ!

* * * * *

ഇവിടെങ്ങുമില്ലേ, വെളിച്ചം വെളിച്ചമീ-
തിമിരമെന്നെ വിഴുങ്ങേണമെന്നോ?
ഇവിടെങ്ങുമില്ലേ, സമത്വം സമത്വമീ-
വ്യഥയിൽ ഞാൻ വീണടിയേണമെന്നോ?

വിഭവസമൃദ്ധമാമൂഴിയിൽ ജീവിക്കാ-
നവകാശമീയെനിക്കില്ലയെന്നോ?

മമ,മധുരങ്ങളാമാശകളൊക്കെ ഞാൻ
മരണത്തിനർപ്പിച്ചിടേണമെന്നോ?

"ശരിയഹിലോകമേ,നിന്നെഞാൻസസ്പൃഹം
പിരിയാം, പിരിയാം, പിരിഞ്ഞുകൊള്ളാം.
പുനരൊരുജന്മമിഹത്തിലുണ്ടെങ്കില-
ന്നനുരാഗസിദ്ധി വരിച്ചുകൊള്ളാം."

RUL ISLAM HIGH SCHO
ERNAKULAM

1936

ഗ്രന്ഥകാരന്റെ ഇതരകൃതികൾ:-

കൈരളിയുടെ കണ്ണുനീർ.

ജീവിതവിജയം.

ഇടറുന്ന മുരളി.

PRINTED AT
THE ATHMA MITHRAM PRESS.
PATHANAPURAM.

# യാഥാർത്ഥ്യങ്ങൾ

1936

*by*

പി. എസ്സ്. പത്തനാപുരം.

Indic Digital Archive Foundation
gpura.org